# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.316   19.2.2013 ലെ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ പൊതു ജനസമ്പർക്ക പരിപാടിയുടെ അവലോകനം

**ചോദ്യം** | **മറുപടി**

ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
" പി.സി. ജോർജ്
" റോഷി അഗസ്റ്റിൻ

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) മുഖ്യമന്ത്രി ജില്ലകൾതോറും നടത്തിയ പൊതുജനസമ്പർക്ക പരിപാടി എത്രത്തോളം വിജയകരമായിരുന്നു; കെട്ടിക്കിടന്ന എത്ര ഫയലുകളിൽ തീർപ്പു കല്പിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നല്കുമോ; | (എ) 14 ജില്ലകളിലും നടത്തിയ ജനസമ്പർക്കപരിപാടി വിജയകരമായിരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിരവധി പരാതികൾ പരിഹരിക്കാതെ കെട്ടി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. അതിന്റെ വെളിച്ചത്തിൽ കെട്ടികിടക്കുന്നതും അല്ലാതെയുള്ളതുമായ പരാതികൾ സത്വരമായി, നിയമാനുസൃതം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തിയത്. ഇതിന്റെ ഫലമായി തീർപ്പാക്കാതെ കിടന്നതും അല്ലാത്തതുമായ 4,00,687 പരാതികൾ പരിഹരിക്കുവാനും അപേക്ഷകളിൻമേലുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും സാധിച്ചു.. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (ബി) ഇപ്രകാരം രണ്ടാംഘട്ട പൊതുജനസമ്പർക്ക പരിപാടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ എന്നുമുതൽ വിശദാംശങ്ങൾ നല്കുമോ; | (ബി) തീരുമാനം എടുത്തിട്ടില്ല. |
| (സി) മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ, സാധാരണ ജനങ്ങളുടെ പ്രശ്നങ്ങളിൽ, അപേക്ഷകളിൽ തീർപ്പു കല്പിക്കു ന്നതിനുള്ള നടപടിക്രമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് കരുതുന്നുവോ; എങ്കിൽ ആയതിലേക്ക് എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നല്കുമോ? | (സി) മുഖ്യമന്ത്രി 14 ജില്ലകളിൽ നടത്തിയ ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(i) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>(ii)ബി.പി.എൽ.ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചിട്ടുണ്ട്.<br><br>(iii) സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്രാ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ വർഷവും സർട്ടിഫിക്കറ്റും പാസ്സും പുതുക്കുന്ന രീതി അവസാനിപ്പിക്കുവാനും ഇതിലേക്കായി ഒറ്റപ്രാവശ്യം പാസ്സ് നൽകിയാൽ മതിയെന്ന് കെ.എസ്.ആർ.ടി.സിയ്ക്ക് നിർദ്ദേശം നൽകി, സർക്കാർ ഉത്തരവു നൽകിയിട്ടുണ്ട്. |

| | |
|---|---|
| | (iv)സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിനുള്ള സൗകര്യങ്ങളും പ്രത്യേക ടോയിലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കി. <br><br> (v) നാഷണൽ ഫാമിലി ബെനഫിറ്റ് സ്കീം അനുസരിച്ച് ലഭ്യമായിട്ടുള്ളതും യോഗ്യമായിട്ടുള്ളതുമായ മുഴുവൻ അപേക്ഷകളിലും അടിയന്തിരമായി തീരുമാനം എടുക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി. <br><br> (vi) കെട്ടിട നിർമ്മാണ ലംഘനം നടത്തി എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ചു നൽകാൻ കഴിയാത്തതും നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതുമായ 100 ച.മീ. വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് നൽകിയിട്ടുണ്ട്. <br><br> (vii) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 1.1.1993 മുതൽ 31.5.2012 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

(viii) റീസർവ്വെ സംബന്ധിച്ച പരാതികളിന്മേൽ അടിയന്തിര തീർപ്പു കല്പിക്കുന്നതിനായി വില്ലേജ് തലത്തിൽ പ്രത്യേകമായി സർവ്വെ അദാലത്ത് സംഘടിപ്പിച്ച് സമയ ബന്ധിതമായി തീരുമാനം കൈക്കൊള്ളുവാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ix) ബി.പി.എൽ.കാർഡ് ലഭ്യമാക്കുന്നതിനുവേണ്ടിയും / വീടു വയ്ക്കുന്നതിന് ധനസഹായം നൽകാനുള്ള കാര്യത്തിലും അർഹരായവരെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള ഊർജ്ജിത നടപടി സ്വീകരിക്കുവാനും തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ ഏതെങ്കിലും വിഷയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ട സാഹചര്യമുണ്ടായാൽ അപ്രകാരം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ആകെ തീർപ്പാക്കിയ അപേക്ഷകൾ |
|---|---|
| തിരുവനന്തപുരം | 9,977 |
| കൊല്ലം | 17,234 |
| പത്തനംതിട്ട | 12,002 |
| ആലപ്പുഴ | 45,614 |
| കോട്ടയം | 73,524 |
| ഇടുക്കി | 22,043 |
| എറണാകുളം | 13,884 |
| തൃശ്ശൂർ | 44,517 |
| പാലക്കാട് | 28,641 |
| മലപ്പുറം | 58,770 |
| കോഴിക്കോട് | 13,781 |
| വയനാട് | 21,561 |
| കണ്ണൂർ | 21,970 |
| കാസർഗോഡ് | 17,169 |
| ആകെ | 4,00,687 |

സെക്ഷൻ ഓഫീസർ